General_D-81/2024/SSJKSGD-709 തീയതി : 13-02-2024

## ജയിൽ വകുപ്പ്.

കേരള ജയിൽ വകുപ്പിന് കീഴിൽ കാസറഗോഡ് ജില്ലയിലുള്ള കാസറഗോഡ് സ്പെഷ്യൽ സബ് ജയിലിൽ 2024-25 സാമ്പത്തിക വർഷത്തിൽ അന്തേവാസികളുടേയും ജീവനക്കാരുടേയും റേഷൻ ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പാചക വാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള അംഗീകൃത പാചക വാതക സിലിണ്ടർ വിതരണക്കാരിൽ നിന്നും മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ച് കൊള്ളുന്നു. ദർഘാസിൽ പാചക വാതക സിലിണ്ടറിന്റെ നിലവിലെ മാർക്കറ്റ് നിരക്കും, സിലിണ്ടർ ഒന്നിന് നൽകാൻ ഉദ്ദേശിക്കുന്ന പരമാവധി ഇളവും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

മുദ്രവെച്ച ദർഘാസുകൾ അടങ്ങിയ കവറിന് മുകളിൽ വിതരണം ചെയ്യുന്ന ദർഘാസിന്റെ പേരും മറ്റ് വിവരങ്ങളും എഴുതി സൂപ്രണ്ട്, സ്പെഷ്യൽ സബ് ജയിൽ കാസറഗോഡ് എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

ഉദ്ദേശിക്കുന്ന അടങ്കൽ തുക : 3,00,000/- രൂപ.

ദർഘാസ് ഫോമിന്റെ വില : 600/- രൂപ + 18 % ജി.എസ്.ടി.
ഡ്യൂപ്ലിക്കേറ്റ് ഫോമിന്റെ വില : 300/- രൂപ + 18 % ജി.എസ്.ടി.
ദർഘാസ് ഫോറം ലഭിക്കുന്ന സ്ഥലം : കാസറഗോഡ് സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് ഓഫീസ്.
ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയ്യതിയും സമയവും : 13/03/2024 വൈകുന്നേരം 5 മണി വരെ.
ദർഘാസ് സ്വീകരിക്കുന്ന അവസാന തീയ്യതിയും സമയവും : 14/03/2024 വൈകുന്നേരം 3 മണി വരെ.
ദർഘാസ് തുറക്കുന്ന തീയ്യതിയും സമയവും സ്ഥലവും : 15/03/2024 വൈകുന്നേരം 3 മണിക്കു കാസറഗോഡ് സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് ഓഫീസ്.

നിശ്ചിത തീയ്യതിയിലും സമയത്തും നിശ്ചിത ഫോറത്തിൽ ലഭിക്കുന്ന ദർഘാസുകൾ മാത്രം സ്വീകരിക്കുന്നതാണ്. ദർഘാസ് വഴി വാഗ്ദത്തം ചെയ്യപ്പെടുന്ന വിലയിൽ ഏറ്റവും കുറഞ്ഞ മാർക്കറ്റ് നിരക്കും ഏറ്റവും കൂടിയ ഇളവും വാഗ്ദത്തം ചെയ്യു ദർഘാസ് തൃപ്തികരമാണെങ്കിൽ സ്വീകരിക്കപ്പെടുവാൻ പരിഗണിക്കുന്നതാണ്. ദർഘാസ് വ്യവസ്ഥകൾ മറ്റ് നിബന്ധനകൾ തുടങ്ങിയ വിവരങ്ങൾക്കും ദർഘാസ് ഫോറം തുടങ്ങിയവയ്ക്കും കാസറഗോഡ് സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ട് ഓഫീസിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

ദർഘാസ് ഫോമിന് നൽകുന്ന വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോറം കൈമാറുവാനോ, ദർഘാസ് ഫോറം വി.പി.പി യായി അയക്കുവാനോ പാടുള്ളതല്ല. ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല

Vasanthakumar K
സൂപ്രണ്ട്

D-81/2024/SSJKSGD

464a04